രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന പദ്ധതി

42 [2792] *ശ്രീ. കെ. കെ. ജയചന്ദ്രൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന പദ്ധതിയിൽ ഉൾപ്പെടുത്തി ഉടുമ്പൻചോല മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിലെ വൈദ്യുതീകരണ പ്രവർത്തനങ്ങളാണ് സർക്കാർ ഏറ്റെടുത്തിട്ടുള്ളത്;

(ബി) ഈ സ്കീംവഴി മണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കും എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന പദ്ധതിയിൽ ഉൾപ്പെടുത്തി ഉടുമ്പൻചോല മണ്ഡലത്തിലെ താഴെപ്പറയുന്ന വില്ലേജുകളിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ നടത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

1. ആനക്കര
2. ആനവിലാസം
3. അയ്യപ്പൻ കോവിൽ
4. ബയ്സോൺവാലി
5. ചതുരംഗപ്പാറ
6. ചക്കുപ്പാലം
7. കരുണാപുരം
8. കാന്തിപ്പാറ
9. പാമ്പാടുംപാറ
10. പാറത്തോട്
11. ശാന്തപ്പാറ
12. ഉടുമ്പൻചോല

(ബി) 11768 വീടുകൾ വൈദ്യുതീകരിക്കാനാണ് ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്.

വെണ്ണക്കോട്-കാഞ്ഞിരത്തിങ്കൽ പ്രദേശത്തെ വോൾട്ടേജ് ക്ഷാമം

43 [2793] *ശ്രീ. യു. സി. രാമൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ (ചാത്തമംഗം പഞ്ചായത്ത്-കുന്ദമംഗലം കെ.എസ്.ഇ.ബി. സെക്ഷൻ) വെണ്ണക്കോട്-കാഞ്ഞിരത്തിങ്കൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രദേശത്ത് അതിരൂക്ഷമായ വോൾട്ടേജ്ക്ഷാമം അനുഭവപ്പെടുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ പ്രദേശത്തുകൂടി കടന്നുപോകുന്ന ഇലക്ട്രിക്ലൈൻ ത്രീഫെയ്സ് ലൈൻ ആക്കണമെന്ന ഗുണഭോക്താക്കളുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ഭാഗത്തെ വോൾട്ടേജ് ക്ഷാമം എന്നത്തേക്ക് പരിഹരിക്കാൻ കഴിയും എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) — (ഇ) പ്രസ്തുത പ്രദേശത്തെ വോൾട്ടേജ്ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് പരിഹരിക്കുന്നതിനുവേണ്ടി ഈ പ്രദേശത്തെ 410 മീറ്റർ സിംഗിൾ ഫേസ് ലൈൻ, ത്രീഫേസ് ആക്കി മാറ്റുന്നതിനുള്ള പ്രവൃത്തിക്കുവേണ്ടി 42,804 രൂപയുടെ എസ്റ്റിമേറ്റ് ബോർഡ് പാസ്സാക്കിയിട്ടുണ്ട്. സാധനസാമഗ്രികളുടെ ലഭ്യതയും, മുൻഗണനാക്രമവും അനുസരിച്ച് ഈ പ്രവൃത്തി 2006 മാർച്ചിന് മുൻപ് പൂർത്തീകരിക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

കുറ്റ്യാടി ഓഗ്മെന്റേഷൻ പദ്ധതി

44 [2794] *ശ്രീ. സി. മമ്മൂട്ടി*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ പടിഞ്ഞാറത്തറയിൽ ആരംഭിച്ച കുറ്റ്യാടി ഓഗ്മെന്റേഷൻ പദ്ധതിയുടെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് പറയാമോ;

(ബി) ഈ പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയായിരുന്നു;

(ഡി) ഇതുവരെയായി ഈ പദ്ധതിക്ക് എന്തുതുക ചെലവായി;

(ഇ) പദ്ധതി പൂർണ്ണമായും പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കാൻ ഇനിയും എന്തു തുകയാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ) സ്പിൽ വേ ഡാമിലെ റേഡിയൽ ഗേറ്റുകൾ ഘടിപ്പിക്കുന്ന ജോലി ഒഴികെയുള്ളവ പൂർത്തിയായിട്ടുണ്ട്.

(ബി) 2005 ആഗസ്റ്റ് മാസം കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly